**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2044 | 01.02.2018 ൽ മറുപടിക്ക്

## സി.എച്ച്.സി. കളുടെ അപ്ഗ്രഡേഷൻ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സി.എച്ച്.സി. കളുടെ അപ്ഗ്രഡേഷന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനല്ലാ ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്, ആയതിന്റെ ആദ്യഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു ഡോക്ടറുടെയും ഒരു ലാബ് ടെക്നീഷ്യന്റെയും രണ്ട് സ്റ്റാഫ് നേഴ്സിന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി കൂടുതൽ സ്ഥാപനങ്ങളുടെ (പി.എച്ച്.സി./സി.എച്ച്.സി ഉൾപ്പടെ) പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഒരു ബ്ലോക്ക് അതിർത്തിയിൽ ഏതെങ്കിലും ഒരു സി.എച്ച്.സി. എങ്കിലും 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഒരു പദ്ധതി സർക്കാർ തയ്യാറാക്കുമോ; | (ബി) | നിലവിൽ ബ്ലോക്കതല സി.എച്ച്.സി.-കളിൽ ഐ.പി. സൗകര്യത്തോടുകൂടി 24 മണിക്കൂറും രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകി വരുന്നുണ്ട്. കൂടാതെ ഈ രോഗികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ഡോക്ടർമാരുടെ സേവനം Call duty മുഖാന്തിരം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | അരൂർ മണ്ഡലത്തിലെ പെരുമ്പളം ബീച്ച് പഞ്ചായത്ത് ഉൾപ്പെടുന്ന തെക്കാട്ടുശ്ശേരി ബ്ലോക്ക് അതിർത്തിയായ 5 പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ഒരിടത്തുപോലും 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന ഒരാശുപത്രിപോലും ഇല്ലാത്ത സാഹചര്യം കണക്കിലെടുത്ത് അരൂകുറ്റി സി.എച്ച്.സി. - യെ 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന തരത്തിലുള്ള ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ആർദ്രത്തിന്റെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനായി തെരെഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ആലപ്പുഴ ജില്ലയിൽ നിന്നും തൈക്കാട്ടുശ്ശേരി റവന്യൂ ബ്ലോക്ക്-ലെ തൈക്കാട്ടുശ്ശേരി സി.എച്ച്.സി-യെയും പെരുമ്പളം സി.എച്ച്.സി-യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അരൂർ മണ്ഡലത്തിലെ സി.എച്ച്.സി.കളായ അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി, പെരുമ്പളം എന്നീ സ്ഥാപനങ്ങളിൽ നിലവിൽ കിടത്തി ചികിത്സ ഉൾപ്പടെയുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഇവിടങ്ങളിൽ Call duty പ്രകാരം 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ